# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 147**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ പള്ളികളിലെ കല്ലറ ഉപയോഗം, നിർമ്മാണം, ഫീസ് തുടങ്ങിയവ സംബന്ധിച്ച തീരുമാനങ്ങൾ രണ്ടു കല്പനകൾ (2004 ഫെബ്രുവരി 2–ാം തീയതിയിലെ സർക്കുലർ നമ്പർ 105, പട്ടക്കാരുടെയും കുടുംബത്തിന്റെയും ശവസംസ്കാരം, കല്ലറ ഉപയോഗം സംബന്ധിച്ചുള്ള 2016 ജൂൺ 20–ാം തീയതിയിലെ സർക്കുലർ നമ്പർ 260) മുഖേന ഏവരേയും അറിയിച്ചിട്ടുള്ളതാണല്ലോ. അതിലെ ചില വകുപ്പുകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യം ഉയർന്ന സാഹചര്യത്തിൽ അവ വ്യക്തമാക്കേണ്ടതുണ്ട് എന്ന് എപ്പിസ്കോപ്പൽ സിനഡിനു ബോദ്ധ്യമായതിനാൽ ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിനഡ് ഒരു സബ് കമ്മറ്റിയെ ചുമതലപ്പെടുത്തി. ഈ സബ് കമ്മറ്റി നൽകിയ റിപ്പോർട്ട് 2024 നവംബർ മാസം 29, 30 തീയതികളിൽ സമ്മേളിച്ച എപ്പിസ്കോപ്പൽ സിനഡ് പരിഗണിച്ച് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു എന്ന വിവരം അറിയിക്കുന്നു. ഈ കല്പനയിലെ നിർദ്ദേശങ്ങൾ സർക്കുലർ നമ്പറുകൾ 105, 260 എന്നിവയോടൊപ്പം പാലിക്കേണ്ടതാണ്.

(1) പട്ടക്കാരനോ കുടുംബത്തിനോ ഇടവക സെമിത്തേരിയിൽ അവർ പണം നൽകി നിർമ്മിച്ചിട്ടുള്ള കല്ലറയിൽ അവരുടെ അനന്തര തലമുറകളുടെ സംസ്കാരം നടത്താവുന്നതാണ്. കുടംബാംഗങ്ങൾ ആദ്യം മരണപ്പെടുകയും, കല്ലറയിൽ അടക്കം ചെയ്യപ്പെടുകയും ചെയ്താലും പിന്നീട് പട്ടക്കാരൻ മരണപ്പെടുമ്പോൾ അതേ കല്ലറയിൽ തന്നെ അദ്ദേഹത്തിന്റെ ഭൗതിക ശരീരം അടക്കം ചെയ്യുന്നതിന് തടസ്സം ഇല്ല. അത് കുടുംബ കല്ലറയായി പരിഗണിക്കേണ്ടതാണ്..

(2) ബസ്ക്യാമ്മ ആദ്യം നിര്യാതയായാൽ പട്ടക്കാർക്കായി ഇടവക ക്രമീകരിച്ചിട്ടുള്ള കല്ലറയിൽ / സ്ഥലത്ത് ഭൗതിക ശരീരം അടക്കം ചെയ്യുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

(3) സർക്കുലർ 260 പ്രകാരം പട്ടക്കാർക്കായി ഇടവക നിർമ്മിച്ചിട്ടുള്ള കല്ലറകളിൽ അദ്ദേഹത്തിന്റെ ബസ്ക്യാമ്മയുടെയും പട്ടക്കാരായ മക്കളുടെയും അവരുടെ ബസ്ക്യാമ്മമാരുടെയും ഒഴികെ മറ്റാരുടെയും ശവസംസ്കാരം നടത്തുവാൻ അനുവാദമില്ല.

(4) പട്ടക്കാർക്കായി ഇടവക പ്രത്യേകം വേർതിരിച്ചിട്ടുള്ള സ്ഥലങ്ങളിൽ സർക്കുലർ 260–ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(5) ഒരുമിച്ച് പാർക്കുന്ന ഒരു കുടുംബത്തിന് ഒരു കല്ലറ എന്ന വ്യവസ്ഥ പാലിക്കണം. 2004 ഫെബ്രുവരി 2–ാം തീയതിയിലെ സർക്കുലർ നമ്പർ 105–ലെ വകുപ്പുകൾ II (6) & IV (6) എന്നിവയോടൊപ്പം ഈ നിർദ്ദേശം പാലിക്കേണ്ടതാണ്.

(6) കുടുംബക്കല്ലറയിലെ രണ്ടാമത്തെ അടക്കം മുതലുള്ള ഓരോ അടക്കത്തിനും നിലവിലുള്ള കല്ലറ ഫീസിന്റെ പകുതിയോ 1000 രൂപയോ അതിൽ കുറവായത് ചുമത്താവുന്നതാണ്.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2025 ജനുവരി മാസം 10–ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 147**

*Blessings to you all the Vicars, Resident Clergy, Trustees,*
*and Members of all the Parishes under our authority.*

Dearly beloved in Christ,

The decisions regarding the use, construction, and fees associated with burial vaults/tombs in our churches have been communicated to everyone through two Kalpanas (Circular No. 105 dated 2nd February 2004, and Circular No. 260 dated 20th June 2016, pertaining to the burial of Clergy and their families and the use of tombs/vaults). In the light of a need for clarification on certain provisions within these Kalpanas, the Episcopal Synod recognized the necessity of addressing these issues and entrusted a subcommittee to study the matter and submit a report. The Episcopal Synod, which convened on 29th and 30th November 2024, reviewed the report submitted by the subcommittee and has adopted the following decisions. The instructions outlined in this Kalpana must be adhered to along with Circulars 105 and 260.

1. A Clergy or his family may conduct the burial of their descendants in the tomb they have constructed at their own expense in the parish cemetery. Even if it happens that family members pass away first and are buried in the tomb, there is no objection to burying the Clergy’s mortal remains in the same vault upon his demise. The tomb should be considered a family burial vault.
2. If the wife (Baskiomo) of a Clergy passes away first, permission is granted to bury her mortal remains in the tomb or space designated for the Clergy by the parish.
3. As per Circular No. 260, the tombs constructed by the parish for Clergies may be used only for the burial of a Clergy, his wife (Baskiomo), and their children who are Clergy, along with the wives (Baskiomos) of those children. The burial of anyone else in these tombs is not permitted.
4. The instructions in Circular No. 260 must be strictly followed in spaces specifically allocated by the parish for Clergies.
5. The rule of "one tomb for one family living together" must be observed. This instruction must be adhered to alongside Sections II (6) and IV (6) of Circular No. 105 dated 2nd February 2004.
6. For the second and subsequent burials in a family burial vault, half of the existing burial vault fee or 1,000, whichever is lower, may be charged.

The grace of our Lord Jesus Christ be with you all.

Dated 10th January 2025 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**